**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 805** **14-01-2021 - ൽ മറുപടിയ്ക്ക്**

**ഭവന നിർമ്മാണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. എസ്. ശബരീനാഥൻ** | | **Shri A. K. Balan**<br>**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെൻററികാര്യവും വകുപ്പുമന്ത്രി)** | |
| (എ) | ഈ സർക്കാർ വന്നശേഷം പട്ടികവർഗ്ഗ വകുപ്പിന് കീഴിൽ എത്ര വീട്ടുകളാണ് അനുവദിച്ചത്; അതിൽ എത്രയെണ്ണത്തിന്റെ പണി പൂർത്തിയായി;വിശദമാക്കുമോ; | (എ) | പട്ടികവർഗ്ഗ വികസന വകുപ്പ് 6709 വീട്ടുകൾ അനുവദിച്ചിരുന്നു. ആയതിൽ 1583 വീട്ടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. |
| (ബി) | പ്രസ്തുത വീട്ടുകളുടെ നിർമ്മാണത്തിനായി എത്ര തുകയാണ് വകുപ്പ് ചെലവഴിച്ചത്; ഈ പദ്ധതിക്കായി കേന്ദ്ര സഹായം ലഭ്യമാണോ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ; | (ബി) | വീട്ടുകളുടെ നിർമ്മണാത്തിനായി ചെലവഴിച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു. 2016-17 - 46.2936 കോടി രൂപ 2017-18 - 114.82 കോടി രൂപ 2018-19 - 137.85 കോടി രൂപ 2019-20 - 76.09 കോടി രൂപ 2020-21 (നാളിതുവരെ) - 48.79 കോടി രൂപ ഈ പദ്ധതിക്കായി കേന്ദ്രസഹായം ലഭ്യമായിട്ടില്ല. |
| (സി) | ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്താതെ വകുപ്പ് സ്വന്തമായി എത്ര ഭവനങ്ങളാണ് നിർമ്മിച്ച് നൽകിയതെന്ന് അറിയിക്കുമോ; | (സി) | ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്താതെ പട്ടികവർഗ്ഗ വികസന വകുപ്പ് 6709 വീട്ടുകൾ അനുവദിച്ചിരുന്നു. ആയതിൽ 1583 വീട്ടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ഇതിനു പുറമെ, ലൈഫ് പദ്ധതിയിൽ 3746 വീട്ടുകളനുവദിച്ചതിൽ 2426 വീട്ടുകൾ പൂർത്തിയായി. പി.എം.എ.വൈയിൽ 1724 വീട്ടുകൾ അനുവദിച്ചതിൽ 1401 വീട്ടുകൾ പൂർത്തിയാക്കി. |
| (ഡി) | മുൻ യു.ഡി.എഫ് സർക്കാരിന്റെ കാലയളവിൽ 2011 മുതൽ 2016 വരെ പട്ടികവർഗ്ഗ വകുപ്പിന്റെ കീഴിൽ എത്ര വീട്ടുകൾ അനുവദിച്ചുവെന്നും അതിൽ എത്രയെണ്ണം പൂർത്തിയാക്കിയെന്നും വ്യക്തമാക്കുമോ? | (ഡി) | മുൻ യു.ഡി.എഫ് സർക്കാരിന്റെ കാലയളവിൽ 2011 മുതൽ 2016 വരെ പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ 17602 വീട്ടുകൾ അനുവദിച്ചിരുന്നു. ആയതിൽ 6231 വീട്ടുകൾ പൂർത്തിയാക്കിയിരുന്നു. |

സെക്ഷൻ ഓഫീസർ